**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2670** **06-10-2025 - ൽ മറുപടിയ്ക്ക്**

**നിക്ഷേപക സംഗമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | 2016-2021 കാലഘട്ടം മുതൽ നാളിതുവരെ എത്ര നിക്ഷേപക സംഗമങ്ങൾ നടത്തിയിട്ടുണ്ട്; ഓരോ സംഗമത്തിനും സ്പോൺസർഷിപ്പ് ഇനത്തിൽ ലഭിച്ച തുകയും സർക്കാർ ചെലവഴിച്ച തുകയുടെയും വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത നിക്ഷേപക സംഗമങ്ങൾക്കായി പരസ്യ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തേയ്ക്ക് കൂടുതൽ നിക്ഷേപം കൊണ്ടുവരുന്നതിനും നിക്ഷേപ സൗഹൃദമായി സംസ്ഥാനത്തെ മാറ്റുക എന്നിവ ലക്ഷ്യമിട്ട് ASCEND 2019, ASCEND 2020 എന്നീ വ്യവസായ സംഗമങ്ങൾ കെ.എസ്.ഐ.ഡി.സി സംഘടിപ്പിച്ചിരുന്നു. മേൽപ്പറഞ്ഞ വ്യവസായ സംഗമങ്ങളുമായി ബന്ധപ്പെട്ട് ആകെ ചെലവ് 309.32 ലക്ഷം രൂപയാണ്.<br><br>പ്രസ്തുത സംഗമങ്ങളിലൂടെ ആകെ 33,301.94 കോടി രൂപയുടെ നിക്ഷേപ താൽപര്യം ലഭിച്ചിരുന്നു അതിൽ 2259.26 കോടി രൂപയുടെ 47 പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചു. 6010.22 കോടി രൂപയുടെ 32 പദ്ധതികൾ നിർമ്മാണത്തിന്റെ പല ഘട്ടങ്ങളിലായി തുടർന്നുവരുന്നു.<br><br>കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടേറ്റ് മുഖേന ജില്ലാ തലത്തിലും താലൂക്ക് തലത്തിലും സൂക്ഷ്മ ചെറുകിട ഇടത്തരം (MSME) സംരംഭകരുടെ നിക്ഷേപ സംഗമങ്ങൾ സംഘടിപ്പിച്ചിരുന്നു. 2016-21 മുതൽ നാളിതുവരെയുള്ള കാലയളവിൽ ജില്ലാ താലൂക്ക് തലങ്ങളിലായി ആകെ 493 നിക്ഷേപസംഗമങ്ങൾ സംഘടിപ്പിച്ചിരുന്നു പ്രസ്തുത സംഗമങ്ങൾ നടത്തുന്നതിലേയ്ക്കായി ആകെ 2.18 കോടി രൂപ ചെലവ് വന്നിട്ടുണ്ട്.<br><br>പ്രസ്തുത സംഗമങ്ങളിലൂടെ 8327 സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർ നിക്ഷേപത്തിനായി മുന്നോട്ട് വരുകയും ഇവരിൽ 5071 സംരംഭങ്ങൾ പ്രവർത്തനം ആരംഭിക്കുകയും അത് വഴി 901.94 കോടി രൂപയുടെ നിക്ഷേപം ഉണ്ടാവുകയും ചെയ്തിരുന്നു.<br><br>എറണാകുളത്ത് വെച്ച് ഫെബ്രുവരി 21-22 തീയതികളിലായി വ്യവസായ വകുപ്പ് സംഘടിപ്പിച്ച "ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025"- ലൂടെ |

| | | | |
|---|---|---|---|
| | | | 449 സ്ഥാപനങ്ങളിൽ നിന്നായി ഒരു ലക്ഷത്തി എൺപതിനായിരം കോടിയിലേറെ മൂല്യം വരുന്ന നിക്ഷേപ താല്പര്യ പത്രങ്ങളാണ് ലഭിച്ചത്. ഇതിലൂടെ അഞ്ച് ലക്ഷത്തിലധികം തൊഴിൽ അവസരങ്ങളും സംസ്ഥാനത്തേക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 98 നിക്ഷേപ താൽപര്യ പത്രങ്ങളെ നിക്ഷേപമാക്കി പരിവർത്തനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഇവ നിലവിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ 34,754.750 കോടിയുടെ നിക്ഷേപവും, 49,082 തൊഴിലവസരങ്ങളും സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നതായി കണക്കാക്കിയിരിക്കുന്നു. ഇത് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ സംസ്ഥാനത്തിന് ലഭിച്ച നിക്ഷേപ താൽപര്യ പത്രങ്ങളുടെ 21.82 % വരുന്നതാണ്. ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ ലഭിച്ച നിക്ഷേപങ്ങൾ ഉൾപ്പെട്ട പദ്ധതികൾ പൂർത്തികരിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഉദ്യാഗസ്ഥ സംവിധാനം നിലവിലുണ്ട് |
| (ബി) | ഓരോ നിക്ഷേപക സംഗമത്തിന്റെയും ഭാഗമായി എത്ര രൂപയുടെ വീതം നിക്ഷേപം ഏതൊക്കെ പദ്ധതികളുടെ ഭാഗമായി വാഗ്ദാനം ലഭിച്ചു; ഇതിൽ ഏതൊക്കെ പദ്ധതികൾ നാളിതുവരെ യാഥാർത്ഥ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്; ഇതിലൂടെ എത്ര രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് എത്തിക്കുവാൻ സാധിച്ചു; വിശദാംശം ഇനം തിരിച്ച് ഓരോ നിക്ഷേപക സംഗമത്തിന്റെയും അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (ബി) | മുകളിൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ